PROCEEDINGS OF
THE TRAVANCORE-COCHIN LEGISLATIVE ASSEMBLY

SECOND SESSION—1950

Saturday, *the 11th November 1950*

Vol. II] OFFICIAL REPORT [No. 19

The Assembly met in the Legislative Chamber, Public Offices, Trivandrum, at eleven of the clock on Saturday, the 11th November 1950, with Mr. Speaker in the Chair.

QUESTIONS AND ANSWERS

(The numbers within brackets indicate the numbers in the list of admitted questions.)

Oral Answers

വളം

*൧൦൧൧. (൧) ശ്രീ. പി: നാണു: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട കൃഷിവകുപ്പുമന്ത്രി‡ സദയം മറുപടി പറയുമോ.—

(എ) കൃഷിക്കാക്ക് ആവശ്യമുള്ളിടത്തോളം വളം ഡിപ്പാർട്ടുമെന്റിൽനിന്നും നിർദ്ധനന്മാർക്കുണ്ടോ;

(ബി) നൽകുന്നില്ലെങ്കിൽ അതിനുള്ള കാരണം എന്താണ്;

(സി) ഓരോ താലൂക്കുകളിലും വളം വിതരണം ചെയ്യുന്നതു് എന്തെങ്കിലും തത്വത്തെ അടിസ്ഥാനമാക്കിയാണോ?

ചീഫ്മിനിസ്റ്റർ (ശ്രീ. ടി. കെ. നാരായണപിള്ള):

(എ) ഡിപ്പാർട്ടുമെന്റിൽ സ്റ്റാക്കുള്ളതുപോലെ വളം നൽകിവരുന്നുണ്ട്.

(ബി) വളങ്ങൾ അന്യദിക്കുകളിൽനിന്നു് വന്നുചേരുന്നതിനു് താമസം നേരിടുമ്പോഴോ സ്റ്റാക്കില്ലാത്തപ്പോഴോ ആവശ്യമുള്ളിടത്തോളം വളം വിതരണം ചെയ്യാൻ സാധിക്കാതെ വരുന്നുണ്ട്.

(സി) അതാതു താലൂക്കുകളിലെ ആവശ്യവും മണ്ണിന്റെ സ്ഥിതിയും അന്വേഷിച്ചാണു് വളം വിതരണം ചെയ്യുന്നതു്.

ശ്രീ. പി. നാണു: അതാതു താലൂക്കുകളിലെ ആവശ്യം നിശ്ചയിക്കുന്നതു് ഓരോ സ്ഥലത്തും ഉള്ള നിലങ്ങളുടെ വിസ്തീർണ്ണം കണക്കാക്കിയാണോ?

ശ്രീ. ടി. കെ. നാരായണപിള്ള: അതെ.

ശ്രീ. പി. നാണു: പച്ചിലവളം വിതരണം ചെയ്യുന്നുണ്ടോ?

ശ്രീ. ടി. കെ. നാരായണപിള്ള: പച്ചിലവളവും വിതരണം ചെയ്യുന്നുണ്ടെന്നാണു് അറിവു്.

‡As the Hon'ble Minister was not present, the questions addressed to him were answered by the Hon'ble Chief Minister.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. പി. നാണു : ഓരോ താലൂക്കിലുമുള്ള നീലം ഇത്രയാണെന്നു് നിശ്ചയിച്ചു് വളം വിതരണം നടത്തുന്ന ഉദ്യോഗസ്ഥൻ ആരാണു്?

ശ്രീ. ടി. കെ. നാരായണപിള്ള : അഗ്രിക്കൾച്ചറൽ ഡിപ്പാർട്ട്മെൻറ് ഉദ്യോഗസ്ഥന്മാരാണു്.

ശ്രീ. പി. നാണു : ആ ഡിപ്പാർട്ട്മെന്റിന്റെ കൈവശം നിലങ്ങളുടെ രേഖ സ്റ്റാറ്റിസ്റ്റിക്സ് ഉണ്ടോ?

ശ്രീ. ടി. കെ. നാരായണപിള്ള : എത്ര നിലങ്ങളിലാണു് കൃഷി ചെയ്യുവരുന്നുവെന്നുള്ളതിലേക്കുള്ള സ്റ്റാറ്റിസ്റ്റിക്സ് ഉണ്ടു്.

ശ്രീ. പി. നാണു : വളം മിക്സ് ചെയ്യുന്നതിനുള്ള ചെലവു് കൃഷിക്കാരിൽ നിന്നാണോ ഈടാക്കുന്നതു്?

ശ്രീ. ടി. കെ. നാരായണപിള്ള : ആകപ്പാടെയുള്ള ചെലവു കണക്കാക്കിയാണു് വില ഈടാക്കുന്നതു്.

ശ്രീ. സി. വി. ഐയ്യു : കൊച്ചിപ്രദേശത്തുള്ള ഓരോ പഞ്ചായത്തുകളിലും ഉണ്ടായിരുന്ന വളം ഡിപ്പോകളിൽ ഇപ്പോൾ വളം തീരെ ഇല്ലെന്നു് മനസ്സിലായിട്ടുണ്ടോ?

ശ്രീ. ടി. കെ. നാരായണപിള്ള : ഇപ്പോൾ മനസ്സിലായി.

ശ്രീ. സി. വി. ഐയ്യു : ഓരോ പഞ്ചായത്തുകളിലേയ്ക്കും വളം ശേഖരിക്കുന്നതിനു് ദയവുണ്ടാകുമോ?

ശ്രീ. ടി. കെ. നാരായണപിള്ള : പഞ്ചായത്തുകളിൽ വളം ശേഖരിക്കേണ്ടതില്ല.

ശ്രീ. എൻ. പി. വറഗീസു് : നെൽകൃഷിക്കല്ലാതെ മറ്റു വല്ലതിനും വളം കൊടുക്കുന്നുണ്ടോ?

ശ്രീ. ടി. കെ. നാരായണപിള്ള : ഇപ്പോൾ കൊടുക്കുന്നില്ല.

ശ്രീ. എൻ. പി. വറഗീസു് : കപ്പകൃഷിക്കു് വളം കൊടുക്കുന്നുണ്ടോ?

ശ്രീ. ടി. കെ. നാരായണപിള്ള : അതിലേക്കു് ഇൻഡ്യാഗവൺമെണ്ടിനു് എഴുതി അയച്ചിട്ടുണ്ടു്.

ടെയിഡ്മാക്കു് വകുപ്പിലെ ജോലിക്കാർ

*൧൦൧൮. (൨) ശ്രീ. പി. നാണു : താഴെ പറയുന്ന ചോദ്യങ്ങൾക്കു് ബഹുമാനപ്പെട്ട വ്യവസായവകുപ്പുമന്ത്രി സദയം മറുപടി പറയുമോ.—

(എ) ഈ യൂണിയൻ സംസ്ഥാനത്തു് ടെയിഡ്മാക്കുവകുപ്പിൽ ജോലിയുണ്ടായിരുന്ന എത്ര പേരെ പിരിച്ചുവിട്ടിട്ടുണ്ടു്;

(ബി) അവരിൽ ഓരോരുത്തരുടേയും സർവ്വീസു് എത്ര കൊല്ലം വീതമായിരുന്നു;

(സി) അവർക്കു ജോലികൊടുക്കുന്നതിനു് എന്തെങ്കിലും നടപടി ഗവൺമെണ്ടു് കൈക്കൊണ്ടിട്ടുണ്ടോ?

വ്യവസായവും എക്സൈസും തദ്ദേശസ്വയംഭരണവും വകുപ്പുമന്ത്രി (ശ്രീ. എൻ. കുഞ്ഞിരാമൻ) :

(എ) തിരുവിതാംകൂർ ടെയിഡ്മാക്കു വകുപ്പിൽ ജോലിയുണ്ടായിരുന്ന ൪ ശിപായിമാരെ പിരിച്ചുവിട്ടിട്ടുണ്ടു്.

(ബി) അവർക്കു ഓരോരുത്തർക്കും മൂന്നരകൊല്ലത്തെ സർവ്വീസു് ഉണ്ടു്.

LIBRARY ARCHIVES Kerala Legislative Assembly